# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.211 — 08.02.2016 -ൽ മറുപടിക്ക്

## പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ജി.എസ് ജയലാൽ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ തെക്കും ഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിലേക്ക് നടപടികൾ ആരംഭിച്ചത് എന്നാണ് ; | (എ) | കൊല്ലം പരവൂർ തെക്കുംഭാഗത്ത് ഒരു മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിലേയ്ക്ക് 2008-ൽ നടപടികൾ ആരംഭിച്ചു. |
| (ബി) | പ്രസ്തുത ആവശ്യത്തിലേക്കായി എത്ര രൂപ നാളിതുവരെ അനുവദിച്ചുവെന്നും, ആയത് എന്തൊക്കെ ആവശ്യത്തിന് വിനിയോഗിച്ചുവെന്നും അറിയിക്കാമോ; | (ബി) | കൊല്ലം ജില്ലയിലെ സൗത്ത് പരവൂരിൽ മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾക്കായി 81 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ, മാതൃകാപഠന , പാരിസ്ഥിതി ആഘാത പഠനം എന്നിവയാണ് ഉൾപ്പെട്ടുത്തിയിട്ടുള്ളത്. ഇതിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയായി. മാതൃകാപഠനം നടന്ന് വരുന്നു. മാതൃകാപഠനം പൂർത്തിയാകുന്ന മുറയ്ക്ക് ശേഷിക്കുന്ന പഠനം ഏർപ്പാടാക്കുന്നതാണ്. |
| (സി) | നിലവിൽ നടന്നുവരുന്ന പഠനങ്ങൾ പൂർത്തീകരിച്ച് എന്നത്തേയ്ക്ക് മിനി ഫിഷിംഗ് ഹാർബർ യാഥാർത്ഥ്യമാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | മാതൃകാപഠനം പൂർത്തിയായ ശേഷം പാരിസ്ഥിതികാഘാതപഠനം, CRZ ക്ലിയറൻസ്, പാരിസ്ഥിതികാനുമതി, എന്നിവയാണ് പൂർത്തികരിക്കുവാനുള്ളത്. ഇവ പൂർത്തികരിക്കുവാൻ ഏകദേശം ഒന്നര വർഷം ആവശ്യമാണ്. ടി പഠനങ്ങൾ പൂർത്തിയായശേഷം പദ്ധതി രൂപരേഖ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ച് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ഏർപ്പാടാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

v